**KANNUR UNIVERSITY**
**കണ്ണൂർ സർവകലാശാല**

**(ഡി ഒ എ )**

DOA/A2/2627/UG ADMISSION/2026-27 തീയതി: 23.07.2026

**<u>പ്രസിദ്ധീകരണത്തിന്</u>**

**<u>നാല് വർഷ ബിരുദ/അഞ്ച് വർഷ ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള 'സപ്ലിമെന്ററി അഡ്മിഷൻ'</u>**
***<u>(ഗവൺമെന്റ്/എയ്ഡഡ്/സെല്ഫ് ഫിനാൻസിങ് അഫിലിയേറ്റഡ് കോളേജുകൾ, സർവകലാശാല പഠനവകുപ്പുകൾ)</u>***

കണ്ണൂർ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സെല്ഫ് ഫിനാൻസിങ് കോളേജുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേക്കും സർവകലാശാല പഠനവകുപ്പുകളിലെ ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കും SC/ST വിഭാഗത്തിലുൾപ്പെടെയുള്ള എല്ലാ ഒഴിവുകളിലേക്കുമുള്ള സപ്ലിമെന്ററി അഡ്മിഷനിൽ പങ്കെടുക്കുന്നതിന് 2026 ജൂലൈ 24 മുതൽ 29 വരെ വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത് വരെ രജിസ്റ്റർ ചെയ്യാത്തവർക്ക് രജിസ്ട്രേഷൻ നടത്താവുന്നതുമാണ്.

***വിദ്യാർത്ഥികൾ സപ്ലിമെന്ററി അഡ്മിഷന് വേണ്ടി അപേക്ഷകൾ അതത് കോളേജുകളിൽ നേരിട്ട് ഹാജരാക്കുകയോ, ഇ മെയിൽ അയക്കുകയോ ചെയ്യേണ്ടതില്ല.***

അപേക്ഷകർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയിൽ നിലവിൽ ഓപ്ഷനുകളൊന്നും ഉണ്ടാവുകയില്ല. പ്രൊഫൈലിൽ ലോഗിൻ ചെയ്ത് 200/- രൂപ കറക്ഷൻ ഫീ ഒടുക്കിയതിനു ശേഷം സപ്ലിമെന്ററി അഡ്മിഷന് ആവശ്യമായ 15 ഓപ് ഷനുകൾ അപേക്ഷയിൽ ഉൾപ്പെടുത്താവുന്നതാണ്. കറക്ഷൻ ഫീസിനത്തിൽ 200/- രൂപ ഒരു തവണ ഒടുക്കിയിട്ടുള്ളവരും, ഇത് വരെ അലോട് മെന്റ് ലഭിക്കാത്തവരും, പുതിയതായി രജിസ്റ്റർ ചെയ്യുന്നവരും സപ്ലിമെന്ററി അഡ്മിഷന് വേണ്ടി കറക്ഷൻ ഫീ ഒടുക്കേണ്ടതില്ല.

വേക്കൻസി ലിസ്റ്റ് സർവ്വകലാശാല അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ കാരണങ്ങളാൽ അലോട്ട്മെന്റിൽ നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും സപ്ലിമെന്ററി അഡ്മിഷന് അവസരമുണ്ട്. ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ***സപ്ലിമെന്ററി അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും പ്രൊഫൈലിൽ ലോഗിൻ ചെയ്ത് നിർബന്ധമായും ഓപ്ഷനുകൾ തിരഞ്ഞെടുക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം സപ്ലിമെന്ററി അഡ്മിഷനിൽ ഉൾപ്പെടുന്നതായിരിക്കില്ല.***

സംവരണ വിഭാഗത്തിൽപ്പെട്ടവർ ഇൻഡക്സ് മാർക്കിൻറെ അടിസ്ഥാനത്തിൽ ജനറൽ മെറിറ്റ് കാറ്റഗറിയിലേക്ക് മാറാൻ സാധ്യതയുള്ളതിനാൽ ജനറൽ മെറിറ്റ് കാറ്റഗറിയിൽ ഉള്ള ഒഴിവുകളുടെ എണ്ണത്തിൽ കുറവ് വരാൻ സാധ്യതയുണ്ട്.

30/07/2026 ന് സർവകലാശാല വെബ്സൈറ്റിൽ സപ്ലിമെന്ററി റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കും. അപേക്ഷിച്ച എല്ലാവരും റാങ്ക്ലിസ്റ്റിൽ ഉൾപ്പെടും എന്നതിനാൽ, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവരും പ്രവേശനത്തിനായി കോളേജിൽ

ease(Malayalam) of File DOA/A2/2627/UG ADMISSION/2026-27 Approved by Director Directorate of admission on 23-Jul-2026 12:43 PM - Page 1

ഹാജരാകേണ്ടതില്ല. 31/07/2026 മുതൽ 07/08/2026 വരെ അഡ്മിഷൻ നടക്കുന്നതായിരിക്കും. റാങ്കിലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യരായ വിദ്യാർത്ഥികളെ വാക്കൻസിക്കനുസൃതമായി കോളേജ് അധികൃതർ, അപേക്ഷയിൽ നൽകിയ ഫോൺ നമ്പർ മുഖേന ബന്ധപ്പെടുന്നതായിരിക്കും.

ഇതിനകം പ്രവേശനം ലഭിച്ച അപേക്ഷകർ, സപ്പ്ളിമെന്ററി അഡ്മിഷൻ ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് ഹാജരായി പ്രവേശനം ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ മുൻപ് പ്രവേശനം ലഭിച്ച കോളേജിൽ നിന്ന് ടി.സി വാങ്ങേണ്ടതുള്ളൂ.

ഹെൽപ്പ് ലൈൻ നമ്പർ: 04972766388, 04972715227
ഇ-മെയിൽ ഐഡി : ugdoa@ kannuruniv.ac.in
വെബ്സൈറ്റ് : www.admissions.kannuruniversity.ac.in

ഒപ്പ്/-
ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ്
അഡ്മിഷൻ
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1.പി ആർ ഓ
2 .അന്വേഷണ വിഭാഗം
3. ഐ ടി സെൽ

വിതരണാനുമതിയോടെ

Section Officer

ease(Malayalam) of File DOA/A2/2627/UG ADMISSION/2026-27 Approved by Director Directorate of admission on 23-Jul-2026 12:43 PM - Page 2